**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4148** **09-08-2021 - ൽ മറുപടിയ്ക്ക്**

**ശാസ്താംപാറ അഡ്വഞ്ചർ അക്കാഡമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ശാസ്താംപാറ അഡ്വഞ്ചർ അക്കാഡമി ആരംഭിക്കുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | സാഹസിക ടൂറിസം മേഖലയിൽ ആവശ്യമുള്ള മാനവശേഷി ഉറപ്പുവരുത്തുന്നതിനായി ഒരു അഡ്വഞ്ചർ ടൂറിസം അക്കാഡമി സ്ഥാപിക്കുന്നതിന് വിനോദ സഞ്ചാര വകുപ്പ് തീരുമാനിക്കുകയുണ്ടായി. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ വിളപ്പിൽശാല ഗ്രാമപഞ്ചായത്തിൽപ്പെട്ട വിളപ്പിൽശാല വില്ലേജിലെ ബ്ലോക്ക് നമ്പർ 2, സർവ്വേ നമ്പർ 341/1 ഉൾപ്പെട്ട ആകെ പുറമ്പോക്ക് 4.85 ഹെക്ടർ റവന്യൂ ഭൂമി അഡ്വഞ്ചർ ടൂറിസം അക്കാദമി സ്ഥാപിക്കുന്നതിന് വിനോദസഞ്ചാര വകുപ്പിന് ഉപയോഗാനുമതി നൽകികൊണ്ട് റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ്-19 കാരണം സംസ്ഥാനത്ത് ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന ഈ സമയത്ത് ഇക്കാര്യത്തിൽ നയപരമായ ഒരു തീരുമാനം കൈക്കൊള്ളുന്നതിനായി അഡ്വഞ്ചർ ടൂറിസം അക്കാഡമിയുടെ വിശദാംശങ്ങൾ, ആവശ്യകത, കോഴ്സുകളുടെ വിശദാംശം, തസ്തിക സൃഷ്ടിക്കൽ, സാമ്പത്തിക ബാധ്യത, ആവർത്തനചെലവ് തുടങ്ങിയവ വ്യക്തമാക്കി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ടൂറിസം ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്തെന്നും തുടർനടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം |

സെക്ഷൻ ഓഫീസർ